

യൂത്ത് ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ്

# കേരളോത്സവം



കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്. കേരളോത്സവം പ്രാഥമിക തല മത്സരങ്ങൾ ഗ്രാമ/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലും രണ്ടാംഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാംഘട്ടം ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു.

ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു.

സംസ്ഥാനതല മത്സരങ്ങളിൽ 5000 ത്തോളം കലാ-കായിക പ്രതിഭകൾ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്നു.

കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റും അനുവദിച്ചു വരുന്നു.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാതലങ്ങളിലായി 5 ലക്ഷത്തിൽ അധികം യുവ കലാ-കായിക പ്രതിഭകൾ കേരളോത്സവത്തിൽ പങ്കെടുക്കുന്നു.

കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി ബ്ലോക്ക്തലം മുതൽ സംസ്ഥാനതലം വരെ കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് അവാർഡുകൾ നൽകുന്നു.

## ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ്

**ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി**

ഒന്നാം സമ്മാനം : 5000 രൂപ, രണ്ടാം സമ്മാനം : 3000 രൂപ

മൂന്നാം സമ്മാനം : 2000 രൂപ

**ജില്ലാപഞ്ചായത്ത്**

ഒന്നാം സമ്മാനം : 10000 രൂപ, രണ്ടാം സമ്മാനം : 5000 രൂപ

മൂന്നാം സമ്മാനം : 3000 രൂപ

**സംസ്ഥാനതലം**

ഒന്നാം സമ്മാനം : 1,50,000 രൂപ, രണ്ടാം സമ്മാനം : 75,000 രൂപ

മൂന്നാം സമ്മാനം : 50,000 രൂപ